"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - മാനേജ്മെന്റ് കൈമാറ്റം - സി.കെ.ജി മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ ചിങ്ങപുരം, കോഴിക്കോട് - ശ്രീ. സുരേഷ്ബാബു.ഇ സമർപ്പിച്ച റിവിഷൻ പെറ്റീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2552/2025/GEDN തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:-

1. സ.ഉ (കൈ) നം. 49/2024/പൊ.വി.വ തീയതി 18/05/2024.
2. സ.ഉ (കൈ) നം. 54/2024/പൊ.വി.വ തീയതി 01/06/2024.
3. ശ്രീ. സുരേഷ്ബാബു ഇ. സമർപ്പിച്ച 26/06/2024-ലെ റിവിഷൻ പെറ്റീഷൻ.
4. വടകര ജില്ല വിദ്യാഭ്യാസ ഓഫീസറുടെ 06/11/2024-ലെ DEOVKA/2732/2024-B6 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 12/02/2025-ലെ EM3/20223/2024/DGE നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചിങ്ങപുരം സി.കെ.ജി മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂളിലെ മാനേജ്മെന്റ് കൈമാറ്റവുമായി ബന്ധപ്പെട്ട് പരാമർശം (3) പ്രകാരം ശ്രീ. സുരേഷ്ബാബു.ഇ ഒരു റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിരുന്നു. ശ്രീ. സുരേഷ്ബാബു.ഇ സമർപ്പിച്ച റിവിഷൻ പെറ്റീഷന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ 13/02/2025-ൽ നേരിൽ കേട്ടു. ഹിയറിംഗ് വേളയിൽ ശ്രീ. സുരേഷ്ബാബു.ഇ ഉന്നയിച്ച വാദഗതികൾ ചുവടെ ചേർക്കുന്നു.

1) വടകര വിദ്യാഭ്യാസ ജില്ലയിൽ പ്രവർത്തിക്കുന്ന ചിങ്ങപുരം സി.കെ.ജി. മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ മാനേജരായിരുന്ന ശ്രീമതി. കല്യാണി അമ്മ 14.09.2022 ന് മരണപ്പെട്ടതിനെത്തുടർന്ന് അവകാശികളായ മക്കളുടെ കൂട്ടായ തീരുമാനപ്രകാരം മക്കളിൽ ഒരാളായ ശ്രീമതി. സുലോചന എം.എം. നെ മാനേജരായി നിയമിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ച അപേക്ഷ പൂർണ്ണമായിരുന്നില്ല. ശ്രീമതി. സുലോചന മാനേജരുടെ ചാർജ്ജ് ഏറ്റെടുക്കാൻ വിസമ്മതം പ്രകടിപ്പിച്ചതിനാൽ അവകാശികൾ വീണ്ടും കല്യാണി അമ്മയുടെ മകനും അവരുടെ അനന്തരാവകാശികളിൽ ഒരാളുമായ ഇ. സുരേഷ്ബാബുവിനെ മാനേജരായി ചുമതലപ്പെടുത്തുകയും 01.05.2023 മുതൽ മാനേജരായി ചുമതല ഏറ്റെടുത്ത് നല്ല നിലയിൽ നിർവഹിച്ച് വരുന്നതുമാകുന്നു.

2) 14.01.2022 ന് മരണമടഞ്ഞ മാനേജർ ശ്രീമതി. കല്യാണി അമ്മയുടെ ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ് പ്രകാരം 10 അവകാശികൾ നിലവിലുള്ളതിനാൽ പ്രസ്തുത സ്ഥാപനം ഒരു കോർപ്പറേറ്റ് മാനേജ്മെന്റ് ആയി മറ്റേണ്ടതുണ്ടെന്ന് ചൂണ്ടിക്കാട്ടി ഭരണഘടന, ബൈലോ എന്നിവ സഹിതം അപേക്ഷ സമർപ്പിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദ്ദേശം നല്കി. എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ സമയം ആവശ്യമാണെന്ന കാണിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചതിൻ പ്രകാരം വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23.06.2023 ലെ കെ.ഡിസ് ബി6/2172/2023 നമ്പർ ഉത്തരവിലൂടെ സുരേഷ് ബാബു ഇ. മാനേജരായി ചുമതലയേറ്റ 01.05.2023 മുതൽ ആറ് (6) മാസത്തേക്കോ കോർപ്പറേറ്റ് മാനേജരായി അംഗീകരിക്കുന്ന തീയതിയോ ഏതാണോ ആദ്യം പ്രസ്തുത കാലയളവ് വരെ ശ്രീ.സുരേഷ് ബാബുവിനെ താല്ക്കാലിക മാനേജരായി

അംഗീകരിച്ചു. സ്ഥാപിത കാലം മുതൽ വ്യക്തിഗത മാനേജ്മെന്റിൽ പ്രവർത്തിച്ചു വരുന്ന ഈ വിദ്യാലയത്തെ കോർപ്പറേറ്റ് മാനേജ്മെന്റ് ആക്കി മാറ്റുന്നതിനുള്ള തടസ്സങ്ങൾ ബോധിപ്പിച്ചുകൊണ്ട് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ നല്കി. എന്നാൽ ഈ വാദമുഖങ്ങൾ പരിഗണിക്കാതെ 23.03.2024-ലെ ഉത്തരവ് പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് അപാകതയില്ല എന്ന് കാണിച്ച് ഹർജിയിലെ ആവശ്യം നിരസിച്ചും താല്കാലിക അംഗീകാരകാലാവധി നീട്ടണമെങ്കിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറെ സമീപിക്കാവുന്നതാണ്" എന്നും കാണിച്ചുത്തരവായി. 31.05.2024 ന് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി6/1229/2024 നമ്പർ ഉത്തരവ് പ്രകാരം മാനേജരുടെ അംഗീകാരപരിധി 31.10.2024 വരെയായി ദീർഘിപ്പിച്ചു നല്കി.

ഈ അവസരത്തിൽ ചുവടേ ചേർക്കുന്ന വസ്തുതകൾ ദയവോടെ പരിഗണിച്ചാലും.

I. പ്രീ കെ.ഇ.ആർ കാലഘട്ടത്തിൽ ആരംഭിച്ച ഈ വിദ്യാലയം അതിന്റെ ആരംഭകാലത്തു തന്നെ കെ.ഇ.ആർ അദ്ധ്യായം 3 ചട്ടം 1 പ്രകാരം വ്യക്തിഗത മാനേജ്മെന്റായാണ് പ്രവർത്തിച്ചു വരുന്നത്. ശ്രീമതി. കല്യാണി അമ്മ മരണപ്പെട്ടതിനു ശേഷവും അനന്തരാവകാശികളായ 10 പേരുടേയും കൂട്ടായ തീരുമാനം ഈ സ്കൂളിനെ വ്യക്തിഗത മാനേജ്മെന്റായി തന്നെ നിലനിറുത്താനാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇത്തരം ഒരു നിർദ്ദേശം നല്കിയാൽ തന്നെ അവകാശികളിൽ ആരെങ്കിലും അത് ഒരാളായാൽപോലും എതിർപ്പ് പ്രകടിപ്പിച്ചാൽ വിദ്യാലയം കോർപ്പറേറ്റ് മാനേജ്മെന്റിലേക്കു മാറ്റുക പ്രായാസകരമാകും. ആയതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിർദ്ദേശം പ്രാവർത്തികമാക്കാൻ തടസ്സങ്ങൾ നിലവിലുണ്ടെന്ന് ചൂണ്ടികാണിക്കട്ടെ.

II. അതേ സമയം അവകാശികളെല്ലാം കൂടി ചേർന്ന് ഏകപക്ഷീയമായി അവരിൽ ഒരാളെ മാനേജരായി നിയമിച്ചത് ചട്ടപ്രകാരം സാധുതന്നെയാണ്. കെ.ഇ.ആർ അദ്ധ്യായം 3 ചട്ടം 5 (2) ലെ കുറിപ്പ് കൂടി കണ്ടാലും. ഇവിടെ സ്വത്തവകാശം അവകാശികളിൽ പൊതുവായി നിലനിറുത്തികൊണ്ട് നിലവിൽ മാനേജരായി ഇ.സുരേഷ് ബാബുവിനെ നിയമിച്ചിട്ടുള്ളത് കാലപരിധി ഇല്ലാതെയാണ്. അതിൽ നിലവിൽ ആക്കും പരാതിയും ഇല്ല. എപ്പോൾ വേണമെങ്കിലും സുരേഷ് ബാബുവിനെ മാറ്റി മറ്റൊരാളെ മാനേജരായി നിയമിക്കാൻ 10 അവകാശികളുടെ കൂട്ടായ തീരുമാനത്തിലൂടെ കഴിയുന്നതുമാണ്. ഇക്കാര്യത്തിൽ ബഹു.കോടതിയിൽ നിന്നും അനുകൂല വിധികളാണ് ഉണ്ടായിട്ടുള്ളത്. (1994 (2) KLT J 370(DB) KR 1995 (1) KER 93).

III. അതിലുപരി കെ.ഇ.ആർ അദ്ധ്യായം 3 ചട്ടം 1 ൽ നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ് : Where the right to conduct the school is vested in an individual in his own right or as legal representative of a Joint family, the educational agency shall be termed "Individual educational agency". ഇപ്രകാരം വ്യക്തിഗത മാനേജ്മെന്റ് സ്ഥാപനമായി തുടർന്നു വരുന്ന ഈ സ്കൂളിനെ കോർപ്പറേറ്റ് മാനേജ്മെന്റിലേക്കു മാറ്റുക പ്രയോഗികമോ നിയമപരമോ അല്ല എന്ന് ദയവോടെ ബോധ്യപ്പെട്ടാലും.

ഈ സാഹചര്യത്തിൽ അവകാശികളായ 10 പേരും കൂട്ടമായി തീരുമാനിച്ച പ്രകാരം കാലപരിധി ഇല്ലാതെ 01.05.2023 മുതൽ സി.കെ.ജി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ മാനേജരായി നിയമിച്ച് തുടർന്നു വരുന്ന സുരേഷ് ബാബുവിന്റെ മാനേജർ സ്ഥാനത്തിനുള്ള അംഗീകാരം 01.05.2023 മുതൽ 31.10.2024 വരെ എന്ന് പരിമിതപ്പെടുത്തിയത് ക്രമപ്രകാരമല്ല എന്ന് ബോധ്യപ്പെട്ട് നിയമനാംഗീകാരം "അവകാശികൾ കൂടിച്ചേർന്ന് മറ്റൊരാളെ മാനേജരായി നിയമിക്കുന്നതുവരെ 01.05.2023 മുതൽ തുടർച്ചയായി" എന്ന് ദയവോടെ തിരുത്തി ഉത്തരവായാലും.

2. പൊതുവിദാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന ചിങ്ങപുരം സി.കെ.ജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിന്റെ (വ്യക്തിഗത മാനേജ്മെന്റ്) അംഗീകൃത മാനേജരായിരുന്ന ശ്രീമതി. കല്യാണി അമ്മ 14/09/2022 ന് മരണപ്പെട്ടതിനെ തുടർന്ന് ശ്രീമതി. കല്യാണി അമ്മയുടെ അവകാശികളെല്ലാം ചേർന്ന്

മക്കളിലൊരാളായ ശ്രീ. സുരേഷ് ബാബു.ഇ.യെ മാനേജരായി തെരഞ്ഞെടുക്കുകയും 01/05/2023 മുതൽ വിദ്യാലയത്തിന്റെ മാനേജരായി ചുമതലയേറ്റ് അംഗീകാരത്തിനായി പ്രൊപ്പോസൽ ജില്ലാ വിദ്യാഭ്യാസ ഓഫിസർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ മരണമടഞ്ഞ മാനേജരായ ശ്രീമതി. കല്യാണി അമ്മയ്ക്ക് 10 അവകാശികൾ നിലവിലുള്ളതിനാൽ പ്രസ്തുത സ്ഥാപനം ഒരു കോർപ്പറേറ്റ് മാനേജമെന്റ് ആയി മാറേണ്ടതുണ്ടെന്നും ആയതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാകുന്നത് വരെ 01/05/2023 മുതൽ 6 മാസത്തേക്കോ കോർപ്പറേറ്റ് മാനേജരായി വിദ്യാഭ്യാസ ഡയറക്ടർ അംഗീകരിക്കുന്നത് ഏതാണോ ആദ്യം വരുന്നത് പ്രസ്തുത കാലയളവ് വരെയോ താൽക്കാലിക മാനേജരായി ശ്രീ. സുരേഷ് ബാബു.ഇ.യെ അംഗീകരിച്ചു കൊണ്ട് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നൽകിയിരുന്നു.

താൽക്കാലിക മാനേജരായി ചുമതലപ്പെടുത്തിയ ആറ് മാസ കാലാവധി 31/10/2023 ന് അവസാനിച്ചതിനെതുടർന്ന് ടി വിദ്യാലയം കോർപ്പറേറ്റ് മാനേജ്മെന്റ് ആയി മാറ്റുന്നതിനെതിരെ ശ്രീ. സുരേഷ് ബാബു അപേക്ഷ സമർപ്പിച്ചിരുന്നു. സ്കൂൾ മാനേജ്മന്റിന് നിലവിൽ കോർപ്പറേറ്റ് സ്വഭാവം കൈവന്നിട്ടുണ്ടെന്നും ആയതിനാൽ ബൈലോ അനിവാര്യമാണെന്നും ഇക്കാര്യത്തിൽ ജില്ലാ വിദ്യാഭ്യാസ ആഫീസർ നൽകിയ ഉത്തരവിൽ അപാകതയില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകുകയും ചെയ്തു. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബൈലോ തയ്യാറാക്കി രജിസ്റ്റർ ചെയ്ത് ഡിപ്പാർട്ട്മെന്റ് തല അംഗീകാരം വാങ്ങി, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും മാനേജ്മന്റ് മാറ്റം ലഭിക്കാനുള്ള അനുമതിക്കായി കാലതാമസം വരുമെന്നതിനാലും 2024-25 അദ്ധ്യയന വർഷം ആരംഭിക്കുന്ന വേളയിൽ അംഗീകൃത മാനേജരില്ലാത്തത് വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നത് കൂടി കണക്കിലെടുത്തും, 01/11/2023 മുതൽ 31/10/2024 വരെ ഒരു വർഷത്തേക്ക് കൂടി താത്ക്കാലികമായുള്ള മാനേജരുടെ കാലാവധി നീട്ടി നൽകിക്കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടെന്ന് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

മാനേജർ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന Muhammed kutty Vs State of Kerala 2002 (2) KLT 300 പ്രകാരമുള്ള കോടതി വിധിന്യായത്തിൽ വ്യക്തിഗത ഉടമസ്ഥതയിലുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഉടമ മരണമടഞ്ഞാൽ അതിന്റെ മാനേജ്മന്റ് മരിച്ച ആളുടെ വ്യക്തിഗത നിയമപ്രകാരം അയാളുടെ അനന്തരവകാശികളിൽ നിക്ഷിപ്തമാകുകയും, അത് ഒരു വ്യക്തിഗത വിദ്യാഭ്യാസ ഏജൻസിയായി തുടരുന്നതും ആണെന്ന് ഉത്തരവായിട്ടുണ്ടായിരുന്നു എന്നത് വസ്തുതയാണ്. എന്നാൽ ഈ DICTUM Somanatha Pillai Vs State of Kerala എന്ന കേസിൽ overrule ചെയ്ത് ഇപ്രകാരം ഉത്തരവായിരുന്നു എന്ന് അറിയിക്കുന്നു.

The management of the School is vested with the approved Manager as per rules. After the death of an individual who had the right to conduct the School in his own capacity, his rights are inherited by one or more of his legal representatives. If it is not devolved on a particular individual by way of testamentary deposition or by way of personal law and is devolved on more than one person, it will become a corporate educational agency: Considering the provisions mentioned in Chapter III Rule 2 of the KER, view of the learned Single Judge in Muhamed Kuttys case that even after the death of an individual educational agency, when right of management devolves on more than one legal representatives, it will continue as an individual educational agency as not contemplated under the Educational Rules. The word used in Rule I while differentiating a joint family is the 'legal representative' and not 'legal representatives', making it clear that if there are more than one legal representatives, it will not be an individual educational agency. All educational agencies other than individual educational agency are termed as a Corporate educational agency'.

ഇതിൻ പ്രകാരം 10 അവകാശികൾ ആയി മാറിക്കഴിഞ്ഞ ഈ മാനേജ്മന്റ് നിലവിൽ കോർപ്പറേറ്റ് സ്വഭാവം കൈവന്നിട്ടുള്ളതിനാൽ ബൈലോ അനിവാര്യമാണെന്നും അറിയിക്കുന്നു.

3. ഹിയറിങ് സമയത്ത് പരാതിക്കാരൻ സമർപ്പിച്ച അപേക്ഷയും, രേഖകളും, ഉന്നയിക്കപ്പെട്ട വാദഗതികളും,

വിദ്യാഭ്യാസ അധികാരികൾ സമർപ്പിച്ച റിപ്പോർട്ടുകളും, കെ.ഇ.ആർ ചട്ടങ്ങളുടേയും നിലവിലുള്ള സർക്കാർ ഭരണ നിർവ്വഹണ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന ചിങ്ങപുരം സി.കെ.ജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിന്റെ (വ്യക്തിഗത മാനേജ്മെന്റ്) വ്യക്തിഗത അംഗീകൃത മാനേജരായിരുന്ന ശ്രീമതി. കല്യാണി അമ്മ 14/09/2022 ന് മരണപ്പെട്ടതിനെ തുടർന്ന്, സ്കൂൾ മാനേജ്മന്റിന് നിലവിൽ കോർപ്പറേറ്റ് സ്വഭാവം കൈവന്നിട്ടുള്ളതിനാൽ ബൈലോ അനിവാര്യമാണ്. പ്രസ്തുത ബൈലോ തയ്യാറാക്കി രജിസ്റ്റർ ചെയ്ത് ഡിപ്പാർട്ട്മെന്റ് തല അംഗീകാരം വാങ്ങി, മാനേജ്മന്റ് മാറ്റം ലഭിക്കാനുള്ള അനുമതിക്കായി കാലതാമസം വരുമെന്നതിനാൽ ശ്രീമതി. കല്യാണി അമ്മയുടെ അവകാശികളെല്ലാം ചേർന്ന് മക്കളിലൊരാളായ ശ്രീ. സുരേഷ് ബാബു ഇ. യെ മാനേജരായി തെരഞ്ഞെടുക്കുകയും 01/05/2023 മുതൽ 6 മാസത്തേക്കും 01/11/2023 മുതൽ 31/10/2024 വരെ ഒരു വർഷത്തേക്ക് കൂടി കോർപ്പറേറ്റ് മാനേജരായി വിദ്യാഭ്യാസ ഡയറക്ടർ അംഗീകരിക്കുന്നത് വരെയോ പ്രസ്തുത കാലയളവ് വരെയോ ഏതാണോ ആദ്യം വരുന്നത് അതു വരെ താൽക്കാലിക മാനേജരായി കാലാവധി നീട്ടി നൽകി കൊണ്ട് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നൽകിയിട്ടുണ്ട്.

4. ചിങ്ങപുരം സി.കെ.ജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിന്റെ (വ്യക്തിഗത മാനേജ്മെന്റ്) വ്യക്തിഗത അംഗീകൃത മാനേജരായിരുന്ന ശ്രീമതി. കല്യാണി അമ്മ 14/09/2022 ന് മരണപ്പെട്ടു. 10 അവകാശികൾ ഉള്ളതിനാൽ പ്രസ്തുത സ്ഥാപനത്തിന് ഒരു കോർപ്പറേറ്റ് മാനേജ്മെന്റ് സ്വഭാവം വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബൈലോ തയ്യാറാക്കി രജിസ്റ്റർ ചെയ്ത് ഡിപ്പാർട്ട്മെന്റ്തല അംഗീകാരം വാങ്ങി, മാനേജ്മെന്റ് മാറ്റം ലഭിക്കാനുള്ള അനുമതിക്കായി കാലതാമസം വരുമെന്നതിനാൽ 01.11.2024 മുതൽ ആറുമാസത്തേക്ക് ശ്രീമതി. കല്യാണി അമ്മയുടെ അവകാശികളെല്ലാം ചേർന്ന് തെരഞ്ഞെടുത്ത ശ്രീ. സുരേഷ് ബാബു.ഇ.യെ കോഴിക്കോട് ജില്ലയിലെ ചിങ്ങപുരം സി.കെ.ജി മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂളിലെ താല്ക്കാലിക മാനേജരായി അംഗീകരിക്കാൻ വിദ്യാഭ്യാസ അധികാരികൾക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഈ ഉത്തരവ് തിയതിമുതൽ 6 മാസത്തിനകം ബൈലോ സമർപ്പിച്ച് അംഗീകാരം നേടിയില്ലെങ്കിൽ പ്രസ്തുത സ്കൂളിന്റെ മാനേജരായി വടകര ജില്ലാ വിദ്യാഭ്യാസ ഓഫിസറെ നിയമിച്ചുകൊണ്ടും അപ്രകാരം ശ്രീ.സുരേഷ്ബാബു ഇ. സമർപ്പിച്ച റിവിഷൻ പെറ്റീഷൻ തീർപ്പാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
SUDHILA L
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര
ശ്രീ. സുരേഷ് ബാബു ഇ, മാനേജർ, സി.കെ.ജി മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ ചിങ്ങപുരം, കോഴിക്കോട്
പ്രിൻസിപ്പൽ, സി.കെ.ജി മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ ചിങ്ങപുരം, കോഴിക്കോട്
കരുതൽ ഫയൽ/കാര്യാലയ പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Deepu B
Date: 09-04-2025 10:21:35
സെക്ഷൻ ഓഫീസർ